**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 47** | **13-10-2026-ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളുടെ നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. റോണി. കെ. ബേബി

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുള്ള സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളെ കാലാനുസൃതമായി ആധുനികീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എല്ലാ സ്റ്റേഷനുകളെയും നവീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിൽ വന്നിട്ടുള്ള വലിയ മാറ്റങ്ങൾ പ്രത്യേകിച്ച് സൈബർ കുറ്റകൃത്യങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ, ഡിജിറ്റൽ തെളിവുകൾ ഉൾപ്പെടുന്ന കേസുകൾ തുടങ്ങിയവ മുൻനിർത്തി പോലീസ് സ്റ്റേഷനുകളെ കാലാനുസൃതമായി ആധുനികീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) സ്റ്റേഷനുകളുടെ ദൈനംദിന ചുമതലകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എസ്.എച്ച്.ഒ. (Station House Officer) പദവി സബ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ SHO സിസ്റ്റം പുനഃസംഘടിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദ, പ്രൊഫഷണൽ, സാങ്കേതിക വിദ്യാധിഷ്ഠിത സേവനകേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 'My police station' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരാതികൾക്ക് സമയബന്ധിത പരിഹാരം ഉറപ്പാക്കുക, മനുഷ്യാവകാശ സംരക്ഷണം ശക്തിപ്പെടുത്തുക, ശാസ്ത്രീയ കുറ്റാന്വേഷണം പ്രോത്സാഹിപ്പിക്കുക, ജനമൈത്രി-ബീറ്റ് പോലീസിംഗ് കാര്യക്ഷമമാക്കുക, സൈബർ സുരക്ഷ ശക്തിപ്പെടുത്തുക, ദുർബല വിഭാഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുക, 24 മണിക്കൂർ പോലീസ് സേവനം കാര്യക്ഷമമാക്കുക, ഉദ്യോഗസ്ഥരുടെ നൈപുണ്യവും പ്രൊഫഷണൽ ശേഷിയും വികസിപ്പിക്കുക തുടങ്ങിയ ഇടപെടലുകളിലൂടെ പോലീസ് സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പൊതുജനങ്ങളിൽ പോലീസിനോടുള്ള വിശ്വാസം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് MyPS പദ്ധതി ലക്ഷ്യമിടുന്നത്.

3) 2026 ആഗസ്റ്റ് 18-ന് ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്ത സൈബർവാൾ പദ്ധതി കേരള പോലീസ് സൈബർ ഡിവിഷന്റെ ഒരു പ്രധാന സംരംഭമാണ്. കൃത്രിമബുദ്ധി (Artificial Intelligence – AI) സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുജനങ്ങളുടെ സൈബർ സുരക്ഷ, ബോധവൽക്കരണം, പ്രതിരോധം എന്നിവ ലക്ഷ്യമാക്കി

രൂപകൽപ്പന ചെയ്ത ഡിജിറ്റൽ സുരക്ഷാ പ്ലാറ്റ്ഫോമാണ് സൈബർവാൾ. സംശയാസ്പദമായ വെബ്സൈറ്റുകൾ/URL-കൾ, ഇ-മെയിലുകൾ, SMS, SMS Headers, തട്ടിപ്പ് റിപ്പോർട്ട് ചെയ്യപ്പെട്ട ഫോൺ നമ്പറുകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, IP Addresses തുടങ്ങിയവ പരിശോധിച്ച് അവയിലെ അപകടസാധ്യതകൾ തിരിച്ചറിയുന്നതിനും, ലളിതമായ വിശദീകരണങ്ങളും സ്വീകരിക്കേണ്ട മുൻകരുതലുകളും മനസ്സിലാക്കുന്നതിനും ഈ പ്ലാറ്റ്ഫോം പൊതുജനങ്ങളെ സഹായിക്കുന്നു. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ വ്യാജ ലോൺ ആപ്പുകൾ, നിക്ഷേപ തട്ടിപ്പുകൾ, Phishing/Smishing, വ്യാജ Customer Care നമ്പറുകൾ, Impersonation, Online Payment തട്ടിപ്പുകൾ, Job/Lottery തട്ടിപ്പുകൾ തുടങ്ങിയ വിവിധ സൈബർ തട്ടിപ്പുകളെക്കുറിച്ച് ബോധവൽക്കരണവും സുരക്ഷാ നിർദ്ദേശങ്ങളും നൽകി വരുന്നു. സൈബർവാൾ സേവനങ്ങൾ Pol-App, WhatsApp-Chatbot, Telegram-Chatbot, Web Portal എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

4) കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cybercrime Reporting Portal ന്റെ Toll free number "1930" കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പ് ഉൾപ്പെടെയുള്ള ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങളെകുറിച്ചുള്ള പരാതികൾ പൊതുജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5) കുറ്റകൃത്യങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിന്ന് ഉടൻ തന്നെ ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനായി ഫോറൻസിക് സജ്ജീകരണങ്ങളോടു കൂടിയ മൊബൈൽ ഫോറൻസിക് വാനുകൾ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6) ഇ-ഗവേണൻസ്:- പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതിനും, സ്റ്റേഷൻ നടപടികൾ ഡിജിറ്റലായി നിരീക്ഷിക്കുന്നതിനും വിവിധ ആപ്പുകളും, പോർട്ടലുകളും (Pol APP, THUNA, miCOPS) നിലവിലുണ്ട്.

7) സോഷ്യൽ മീഡിയ വഴിയുള്ള കുറ്റകൃത്യങ്ങൾ, ഫേക്ക് ന്യൂസ്, ക്രിപ്റ്റോകറൻസി തട്ടിപ്പുകൾ എന്നിവ അന്വേഷിക്കുന്നതിൽ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ നൽകി വരുന്നു.

8) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളുമായി ബന്ധിപ്പിച്ചിരിക്കുന്ന CCTNS (Crime and Criminal Tracking Network & Systems) എന്ന സംവിധാനത്തിലൂടെ കുറ്റവാളികളുടെ വിവരങ്ങൾ, എഫ്.ഐ.ആർ, കേസ് ഡയറികൾ എന്നിവ ഡിജിറ്റലായി കൈകാര്യം ചെയ്തു വരുന്നു. അന്തർസംസ്ഥാന കുറ്റകൃത്യങ്ങളേയും ക്രിമിനലുകളെയും തിരിച്ചറിയാൻ ഇതിലൂടെ സഹായിക്കുന്നു.

9) ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള ആധുനിക ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ ടൂളുകളും, സോഫ്റ്റ്‌വെയറുകളും, പോലീസ് സ്റ്റേഷനുകളിലും ജില്ലാ യൂണിറ്റുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

10) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് സ്റ്റേഷനുകളിലും, സൈബർ സെല്ലുകളിലും, ആധുനിക ഹാർഡ്‌വെയറുകളും, സോഫ്റ്റ്‌വെയറുകളും നൽകി സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

11) ബഹു. സുപ്രീം കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കൂടാതെ എല്ലാ

ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

12) സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

13) പോലീസ് സ്റ്റേഷനുകളെ ആധുനികീകരിക്കുന്നതിനായി 236 ആൽക്കോമീറ്ററുകൾ റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ വാങ്ങി എല്ലാ പോലീസ് ജില്ലകൾക്കും വിതരണം ചെയ്തിട്ടുണ്ട്.

14) കാലാവധി കഴിഞ്ഞ വാഹനങ്ങൾക്ക് പകരം പുതിയവ ലഭ്യമാക്കുന്നത് വഴി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനക്ഷമതയും മൊബിലിറ്റിയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം പോലീസ് വകുപ്പിൽ 350 എണ്ണം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** പോലീസ് സ്റ്റേഷനുകളുടെ സ്വഭാവവും ജോലിഭാരവും അനുസരിച്ച് മതിയായ പോലീസ് ഉദ്യോഗസ്ഥർ നിലവിലുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; കൂടുതൽ ഉദ്യോഗസ്ഥർ വേണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**(സി)** പോൽ-ആപ്പ് പോലെയുള്ള സംവിധാനങ്ങളിലൂടെ ജനങ്ങൾക്ക് പോലീസ് സേവനം കൂടുതൽ എളുപ്പത്തിൽ പ്രാപ്യമാക്കാൻ പ്രത്യേക പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** ഉണ്ട്. പൊതുജനങ്ങൾക്ക് വിവിധ പോലീസ് സേവനങ്ങളും, വിവരങ്ങളും മൊബൈൽ ഫോണിലൂടെ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി കേരള പോലീസ് വികസിപ്പിച്ച ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷനാണ് Pol-App. പൊതുജനങ്ങൾക്കായുള്ള THUNA Portal-ൽ വിവിധ സേവനങ്ങൾ, പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ, മുന്നറിയിപ്പുകൾ ജില്ലാതലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും സമയബന്ധിതമായി ലഭ്യമാക്കുന്നതിനായിട്ടുള്ള Push Notification സർവീസുകൾ എന്നിവ കൂടാതെ സമീപകാലത്തായി Passport verification Status പരിശോധിക്കുന്നതിനുള്ള സൗകര്യം, സൈബർ തട്ടിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനു വേണ്ടിയുള്ള Cyber Wall, റെയിൽവേ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള Rail Maithri സർവീസുകൾ എന്നിവ കൂടി ഉൾപ്പെടുത്തി Pol-App ആപ്ലിക്കേഷൻ അതിന്റെ User Interface (UI) സഹിതം നവീകരിച്ചിട്ടുണ്ട്.

ഇതിലുപരിയായി ട്രാഫിക് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള Subhayatra പദ്ധതി, കേരള പോലീസിന്റെ പ്രധാന ലഹരിവിരുദ്ധ ദൗത്യമായ Operation Toofan എന്നിവ Pol-App-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

ഇത്തരത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ പോലീസ് സേവനങ്ങൾ കൂടുതൽ വേഗത്തിലും ലളിതമായും സുതാര്യമായും മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിനുള്ള സമഗ്ര ഡിജിറ്റൽ പ്ലാറ്റ് ഫോമായി Pol-App-നെ കൂടുതൽ വികസിപ്പിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**